A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

201

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## ഉദ്ഗ്രഥനം - ഒന്നാം ദിവസം

സ്റ്റാൻഡേർഡ് : II

പേര്: ............................................................. സ്കൂൾ:............................................................

**വർക്ക് ഷീറ്റ് 1**

ഗ്രേഡ്

### സംഭാഷണം പൂർത്തിയാക്കാം

അഭിനന്ദ് അമ്മയോട് നന്ദുവിന്റെ വീടു പണിയെക്കുറിച്ചും പണിക്കാരെക്കുറിച്ചും വിശദീകരിച്ചു.

അമ്മയും അഭിനന്ദും തമ്മിൽ നടന്ന സംഭാഷണം പൂർത്തിയാക്കൂ.



അഭിനന്ദ് : അമ്മേ, നന്ദുവിന്റെ വീടുപണി തുടങ്ങി.

അമ്മ : അതെയോ? നന്നായി.

അഭിനന്ദ് : രണ്ടു മൂന്നു ദിവസംകൊണ്ട് തീരുമെന്നാ തോന്നുന്നത്.

അമ്മ : അതെങ്ങനാ മോനേ? മൂന്നു ദിവസം കൊണ്ട് വീടുപണി തീരുമോ?

അഭിനന്ദ് : ..........................................................................................................

അമ്മ : ..........................................................................................................

അഭിനന്ദ് : ..........................................................................................................

അമ്മ : ..........................................................................................................

................ : ..........................................................................................................

................ : ..........................................................................................................

................ : ..........................................................................................................

വർക്ക് ഷീറ്റ് 2

ഗ്രേഡ്

## വീടിന്റെ സവിശേഷതകൾ




നന്ദുവിന്റെ വീടു പണിയുന്നതിനായി തയ്യാറാക്കിയ പടം കണ്ട അഭിനന്ദിനും കൂട്ടുകാർക്കും സംശയം.

- എന്തിനാണ് ഇത്രയും മുറികൾ?
- ഇത്രയും വാതിലുകളുടെ ആവശ്യമെന്ത്?
- ലൈറ്റിട്ടാൽ പോരെ, ജനാലകൾ വേണമോ?

സംശയങ്ങൾക്ക് മറുപടി നൽകാം.

- 
- 
- 

എന്തെല്ലാം കാര്യങ്ങൾ കൂടി ഒരു വീടിന് ഉണ്ടാവണമെന്നാണ് നിങ്ങൾ കരുതുന്നത്?

1.

2.

3.

4.

## വർക്ക് ഷീറ്റ് 3

ഗ്രേഡ്

### ആകെയെത്ര?

നന്ദുവും അഭിനന്ദും കടയിൽപോയി. 24 രൂപയ്ക്ക് ഉഴുന്നുവടയും 72 രൂപയ്ക്ക് പരിപ്പുവടയും വാങ്ങി. ആകെ എത്ര രൂപ കടക്കാരന് കൊടുക്കണം?

ഉഴുന്നുവടയുടെ വില = ..................... രൂപ

പരിപ്പുവടയുടെ വില = ..................... രൂപ

ആകെ വില =

---

## വർക്ക് ഷീറ്റ് 4

ഗ്രേഡ്

### കഥപൂർത്തിയാക്കാം

അഭിനന്ദിനെ മടിയിൽ കിടത്തി മുത്തശ്ശി പറഞ്ഞ കഥയുടെ തുടക്കം വായിക്കൂ...
കഥ പൂർത്തിയാക്കൂ....

കഥയ്ക്ക് തലക്കെട്ട് നൽകാം

പുഴയുടെ തീരത്ത് ഒരു മരം.
മരത്തിന്റെ ഉയർന്ന കൊമ്പിൽ ഒരു കുഞ്ഞു കൂട്.
മിന്നുവിന്റെ വീടാണത്.
ചിൽ... ചിൽ... ചിൽ... ചിൽ... എന്ന് ഇടയ്ക്കിടെ മിന്നു ശബ്ദമുണ്ടാക്കും.
ഒരു ദിവസം ഒത്തിരി അണ്ണാറക്കണ്ണൻമാർ ആ മരച്ചില്ലയിലേയ്ക്കു വന്നു.
ഓരോരുത്തരും പലതരം പഴങ്ങളും കായ്കളുമായാണ് വന്നത്. എന്തിനാണെന്നോ?
മിന്നുവിന്റെ വീട്ടിൽ ഒരു വിശേഷമുണ്ടായി.
മിന്നുവിന് ഒരു കുഞ്ഞു പിറന്നു!
കൊച്ചുകണ്ണുകൾ. ചെറിയ കൈകാലുകൾ.
കുഞ്ഞണ്ണാനെ കാണാനാണ് മറ്റുള്ളവർ വന്നത്.

മരത്തിന്റെ ചുവട്ടിലൂടെ ഒരു പുഴ ഒഴുകുന്നുണ്ട്.
കണ്ണാടിപോലെ തെളിഞ്ഞ വെള്ളം. അതിൽ പലതരം ജീവികളുണ്ട്.
പുഴ കടന്നും കുഞ്ഞിനെ കാണാൻ മിന്നുവിന്റെ കൂട്ടുകാരെത്തി.
പിറ്റേ ദിവസം വളരെ ശക്തിയായി കാറ്റടിച്ചു. മരങ്ങളാകെ ആടിയുലഞ്ഞു.
കാറ്റിന്റെ ശക്തി കൂടിക്കൂടി വന്നു. മിന്നുവിന്റെ കൂടുള്ള ചില്ല കാറ്റിലടർന്നു താഴേയ്ക്കു വീണു.
കാറ്റിൽ ആ കൂട് പറന്നുപോയി.
അതിലാണ് ഓമനത്തമുള്ള ആ കുഞ്ഞുള്ളത്.
മിന്നു അത് കണ്ട് നിലവിളിച്ചു.



മിന്നു സന്തോഷംകൊണ്ട് ചിലച്ചു. ചിൽ... ചിൽ... ചിൽ... ചിൽ...

കൂട്ടുകാരെല്ലാം ഒത്തു ചിലച്ചു. ചിൽ... ചിൽ... ചിൽ... ചിൽ...



വർക്ക് ഷീറ്റ് 5

## വീട് പൂർത്തിയാക്കാം, നിറം നൽകാം

5, 10, 15, ..... 55 വരെയുള്ള കുത്തുകൾ യോജിപ്പിച്ച് വീട് പൂർത്തിയാക്കൂ. നിറം നൽകൂ. ഒരേ രൂപങ്ങൾക്ക് ഒരേ നിറം നൽകുമല്ലോ ?

